# വിജ്ഞാപനം

2017-18 സാമ്പത്തികവർഷത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ Assistance for Training, Employment & Human Resource എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്ന പദ്ധതിയിലേയ്ക്ക് പ്രൊപ്പോസലുകൾ ക്ഷണിയ്ക്കുന്നു.

- സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ/ഏജൻസികളായിരിക്കണം.
- പരിശീലന പരിപാടികൾ കുറഞ്ഞത് ഒരു വർഷം കാലദൈർഘ്യമുള്ള തായിരിക്കണം.
- തൊഴിലധിഷ്ഠിത കോഴ്സുകളായിരിക്കണം പരിശീലനം നൽകേണ്ടത്. പരിശീലനം പൂർത്തീകരിക്കുന്നവർക്ക് സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ തൊഴിൽ ലഭ്യത ഉറപ്പു വരുത്തേണ്ടതാണ്.
- സ്ഥാപനങ്ങൾ/ഏജൻസികൾ നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് സർക്കാർ/ സർവ്വകലാശാലകളുടെ അംഗീകാരം ഉള്ളതും ഇൻഡ്യയ്ക്കകത്ത് എവിടെയും തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതും ആയിരിക്കണം.
- സ്ഥാപനങ്ങളെ സംബന്ധിച്ച ഒരു പ്രവർത്തന റിപ്പോർട്ട് ഉൾപ്പെടുത്തിയിരിക്കണം (മുൻവർഷങ്ങളിൽ പരിശീലനം നൽകിയ വിവരം, പ്ലേയിസ്മെന്റ് വിവരങ്ങൾ ഉൾപ്പെടെ)
- സ്ഥാപനങ്ങൾ പരിശീലനം നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉള്ളവ യായിരിക്കണം.
- പ്രൊപ്പോസലുകൾ അതാത് ജില്ലാ പട്ടികജാതി വികസന ഓഫീസിൽ സമർപ്പിച്ച് ജില്ലാ ഓഫീസറുടെ റിപ്പോർട്ടോടുകൂടി അയയ്ക്കേണ്ടതാണ്.
- വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പരിശീലന പരിപാടികൾക്ക് തുക അനുവദി ക്കപ്പെട്ടതിൽ വിനിയോഗ സർട്ടിഫിക്കറ്റ്, പ്ലേയിസ്മെന്റ് വിവരങ്ങൾ എന്നിവ ലഭ്യമാ ക്കാത്ത ഏജൻസികൾ വീണ്ടും അപേക്ഷിക്കേണ്ടതില്ല.

അനുയോജ്യമായ പ്രൊപ്പോസലുകൾ 31-05-2017 ന് വൈകുന്നേരം 5.00 മണിയ്ക്ക് മുൻപായി ചീഫ് പ്ലാനിംഗ് ഓഫീസർ, പട്ടികജാതി വികസന വകുപ്പ്, അയ്യൻകാളി ഭവൻ, കനക നഗർ, കവടിയാർ (പി.ഒ), തിരുവനന്തപുരം - 695 003 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ**

0471 2737235
0471 2737227

ഡയറക്ടർക്കുവേണ്ടി
അഡീഷണൽ ഡയറക്ടർ